# ഒന്നിച്ച് മുന്നോട്ട്

ജലവിഭവ മേഖലയുടെ പ്രാധാന്യവും അതിന്റെ മാനേജ്മെന്റിന്റെ പ്രസക്തിയും വർധിച്ചുവരികയാണ്. ഇത് സാധ്യമാകണമെങ്കിൽ വളരെ കൃത്യമായ ആസൂത്രണവും ശാസ്ത്രീയമായ സമീപനവും ഇൻസ്റ്റിറ്റ്യൂഷണൽ (സ്ഥാപനപരമായ) മാനേജ്മെന്റും ആവശ്യമാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇത് നിർവ്വഹിച്ചു വരുന്നത് പ്രധാനമായും ജലസേചനവകുപ്പ് ആണ്. നാം ഓരോരുത്തരും ചെയ്യുന്ന പ്രവർത്തനങ്ങൾ സ്വയം വിലയിരുത്തലിന് വിധേയമാക്കണമെന്ന തോന്നൽ ചിലപ്പോഴൊക്കെ ഉണ്ടാകുമെങ്കിലും അതിന് തുനിഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. സർക്കാർ നൂറുദിന പരിപാടി പ്രഖ്യാപിച്ചിരിക്കുകയും നമ്മുടെ വകുപ്പ് അതിൻറെ ഭാഗമാകാനുള്ള തയാറെടുപ്പിലുമാണ്. ഈ അവസരത്തിലാണ് വകുപ്പിന് നേതൃത്വം നൽകുന്ന ഓഫീസുമായി ബന്ധപ്പെട്ട് അടുത്തദിവസങ്ങളിൽ എന്തു നടക്കുന്നു / എന്തു നടന്നു എന്ന് പരിശോധിക്കുന്നത് നന്നായിരിക്കും എന്ന് തോന്നിയത്. എങ്കിൽ ആണല്ലോ നമ്മളെ കുറിച്ചും ഒരു പരിശോധനയ്ക്കുള്ള ഊർജ്ജം ലഭിക്കുക. അങ്ങിനെ കുറിക്കാൻ കഴിഞ്ഞ ഏതാനും വാചകങ്ങൾ ചുവടെ ചേർക്കുന്നു

- സംസ്ഥാന ദുരന്ത ദുരിതാശ്വാസ ഫണ്ട് മുഖേന ലഭിച്ച തുക ചെലവാക്കുന്നതിൽ വലിയ വർദ്ധനവ് - മെയ് 28 ന് ശേഷം സെപ്റ്റംബർ വരെ 98 കോടി ചെലവഴിക്കാൻ കഴിഞ്ഞു.

- ഡാമുകളിൽ അടിഞ്ഞുകൂടിയ ചെളിയും മണലും നീക്കം ചെയ്യുക ഒരു ദീർഘകാല ആവശ്യമാണ്. ആദ്യഘട്ടമായി മംഗലം ഡാമിലെ ചെളിയും മണലും നീക്കം ചെയ്യുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ചു.

- കുരിയാർകുറ്റി - കാരപ്പാറ പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ ഡിപിആർ തയ്യാറാക്കുന്നതിനുള്ള എഗ്രിമെൻറ് നിർവഹിക്കാൻ സാധിച്ചു.

- അട്ടപ്പാടി ഇറിഗേഷൻ പ്രോജക്ടിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കേന്ദ്ര ജല കമ്മീഷൻ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള അനുമതി ലഭ്യമാക്കി. തുടർ പ്രവർത്തനം ആരംഭിച്ചു.

- ജലസേചന വകുപ്പിന് ലഭ്യമായ ബജറ്റ് വിഹിതം പ്രയോജനപ്പെടുത്തി 65 കോടി രൂപ അടങ്കൽ വരുന്ന 192 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി

- നിലവിൽ നിർവഹിച്ചു വരുന്ന കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്ക് പുറമേ 9 ജില്ലകൾക്കായി 18 കോടി രൂപ അധികം ലഭ്യമാക്കുന്നതിനൊപ്പം തലശ്ശേരിയിലെ മാടായി-മാട്ടൂർ പ്രദേശത്തെ കടലാക്രമണ പ്രതിരോധത്തിനായി 16 കോടി രൂപയുടെ പദ്ധതിക്ക് സാങ്കേതിക അനുമതി നൽകി .

- എസ്.ഡി.ആർ.എഫ്-ൽ 2018, 2019 വർഷങ്ങളിൽ നിർവ്വഹിക്കാൻ സാധിക്കാതെ വന്ന പ്രവർത്തികൾക്ക് പകരമായി നിർദ്ദേശിക്കുന്ന പ്രവർത്തികൾക്ക് അനുമതി നൽകുന്നതിനുള്ള നടപടി ആരംഭിച്ചു.

- തോട്ടപ്പള്ളി സ്പിൽവേ യുടെ പൂർണ്ണ പ്രയോജനം ലഭ്യമാക്കുന്നതിന് വേണ്ടി മൊഴിയുടെ വിധി വർധിപ്പിക്കുന്ന  പ്രവൃത്തി പൂർത്തിയാക്കി

- പ്രളയ മുന്നറിയിപ്പ് സംവിധാനം പ്രവർത്തന സജ്ജമാക്കുന്നതിനുള്ള അടുത്തഘട്ട നടപടികൾ സ്വീകരിച്ചു.

വകുപ്പിലെ എല്ലാതലത്തിലുമുള്ള ഉദ്യോഗസ്ഥരുടെ ഏകോപിച്ചുള്ള പ്രവർത്തനഫലമാണ് ഈ പുരോഗതി. എങ്കിലും ഇത്തരമൊരു പട്ടികപ്പെടുത്തൽ / ചെറു വിലയിരുത്തൽ ഭാവി പ്രവർത്തനങ്ങൾക്ക് പ്രചോദനമാകും എന്നതുകൊണ്ടു കൂടിയാണ് ഈ കുറിപ്പ്.

നമുക്ക് ആവശ്യമായ നിർദ്ദേശങ്ങളും നേതൃത്വവും നൽകിയ ബഹു ജലവിഭവ വകുപ്പ് മന്ത്രി ശ്രീ കെ. കൃഷ്ണൻകുട്ടി സാർ, ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ ടി. കെ. ജോസ് ഐ.എ.എസ്. തുടങ്ങിയവരുടെ സഹായവും ഈ പ്രവർത്തനങ്ങൾക്ക് ഉണ്ടായിരുന്നു എന്നത് നാം ഓർക്കുന്നു.